**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1782** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഞങ്ങളും കൃഷിയിലേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി പ്രകാരം കുറ്റ്യാടി മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാന സർക്കാരിന്റെ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ക്യാമ്പയിന്റെ ഭാഗമായാണ് 'പച്ചക്കറി വികസന പദ്ധതി 2023-24'-ന്റെ എല്ലാ ഘടകങ്ങളും നിലവിൽ നടപ്പിലാക്കി വരുന്നത്. ആയതനുസരിച്ച് കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ താഴെ കൊടുക്കുന്നു.<br><br>**1. ഓണത്തിന് ഒരു മുറം പച്ചക്കറി**<br><br>'ഓണത്തിനു ഒരു മുറം പച്ചക്കറി'-യുടെ ഭാഗമായി മണ്ഡലത്തിലെ എല്ലാ കൃഷിഭവനുകൾ മുഖാന്തിരവും 10 രൂപ വില വരുന്ന 2,450 എണ്ണം വീതം പച്ചക്കറി വിത്തു പായ്ക്കറ്റുകളും 2.50 രൂപ വിലവരുന്ന 8,650 വീതം പച്ചക്കറി തൈകളും 15 രൂപ വിലവരുന്ന 170 എണ്ണം വീതം ദീർഘകാല പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തു വരുന്നു.<br><br>**2. സങ്കരയിനം പച്ചക്കറി വിത്തു പായ്ക്കറ്റുകളുടെ വിതരണം**<br><br>മണ്ഡലത്തിലെ കൃഷിഭവനുകളിലൂടെ 25 രൂപ വില വരുന്ന സങ്കരയിനം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ ആവശ്യക്കാരായ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു. ഓരോ കൃഷിഭവനുകളിലും 1,850 എണ്ണം പച്ചക്കറി വിത്തു പായ്ക്കറ്റുകളാണ് വിതരണം ചെയ്യുന്നത്.<br><br>**3. അത്യുല്പാദനശേഷിയുള്ള പച്ചക്കറി തൈകളുടെ വിതരണം**<br><br>മണ്ഡലത്തിലെ എല്ലാ കൃഷിഭവനുകൾ വഴിയും 3 രൂപ വില വരുന്ന അത്യുല്പാദനശേഷിയുള്ള പച്ചക്കറി തൈകൾ ആവശ്യക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു. ഓരോ കൃഷിഭവനുകളിലും |

| | | | |
|---|---|---|---|
| | | | അത്യുല്പാദനശേഷിയുള്ള 12,300 എണ്ണം പച്ചക്കറി തൈകളാണ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ